(ബി) പാപ്പനംകോട് ഡിപ്പോയിൽ നിന്നുമുള്ള എത്ര ഷെഡ്യൂളുകൾ റദ്ദ് ചെയ്തിട്ടുണ്ട്; അവ ഏതെല്ലാം;

(സി) യാത്രാക്ലേശം അനുഭവപ്പെടുന്നതിനാൽ പാപ്പനംകോടുനിന്നും തമലം ഭാഗത്തേയ്ക്ക് എത്തിച്ചേരുന്ന സർവ്വീസുകൾ പുനഃസ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം നഗരത്തിലെ വിവിധ ഡിപ്പോകളിൽ നിന്നുള്ള ഒരു ഷെഡ്യൂളും ലാഭകരമല്ലെന്ന കാരണത്താൽ റദ്ദു ചെയ്തിട്ടില്ല.

(ബി) ഒരു ഷെഡ്യൂളും സ്ഥിരമായി റദ്ദു ചെയ്തിട്ടില്ല.

(സി) തമലം ഭാഗത്തേയ്ക്ക് ധാരാളം സ്വകാര്യ ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. ആ ഭാഗത്തേയ്ക്ക് പോകുന്ന കെ. എസ്. ആർ. ടി. സി. സർവ്വീസുകൾക്ക് പൊതുവേ കളക്ഷൻ വളരെ കുറവുമാണ്. ആകയാൽ ഈ ഭാഗത്തേയ്ക്ക് കൂടുതൽ ട്രിപ്പുകൾ ഓപ്പറേറ്റു ചെയ്യുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല. ബസ്സുകളുടെ അഭാവം കാരണം താൽക്കാലികമായി നിർത്തിവച്ചിട്ടുള്ള സർവ്വീസുകൾ ബസ്സിന്റെ ലഭ്യതയനുസരിച്ച് ഓപ്പറേറ്റു ചെയ്യുന്നതാണ്.

സ്റ്റേ ബസ്സുകൾ നിറുത്തൽ ചെയ്യുന്ന നടപടി

61 [2713] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യിൽ നിലവിലുള്ള സ്റ്റേ ബസ്സുകൾ നിറുത്തൽ ചെയ്യുന്നതിന് നിർദ്ദേശം നൽകിയിരുന്നുവോ;

(ബി) എങ്കിൽ എത്ര സ്റ്റേ ബസ്സുകൾ ഇതുവരെ റദ്ദ് ചെയ്തിട്ടുണ്ട്;

(സി) തിരുവനന്തപുരം ജില്ലയിൽ എത്ര സ്റ്റേ ബസ്സുകൾ ഓട്ടം നിർത്തിയിട്ടുണ്ട്;

(ഡി) ഇങ്ങനെ ചെയ്യുവാനുണ്ടായ സാഹചര്യം വിശദീകരിക്കാമോ?

ഉത്തരം

(എ) നൽകിയിരുന്നു.

(ബി) കിലോമീറ്ററിന് പത്തു രൂപയ്ക്കു താഴെ വരുമാനം ഉള്ള 87 സ്റ്റേ ട്രിപ്പുകൾ ക്യാൻസൽ ചെയ്തിട്ടുണ്ട്.

(സി) കിലോമീറ്ററിന് പത്തു രൂപയ്ക്കു താഴെ വരുമാനം ഉള്ള 39 സ്റ്റേ ട്രിപ്പുകൾ നിർത്തൽ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ജി. ഒ. (ആർ റ്റി.) നമ്പർ 174/2003/ട്രാൻ. തീയതി 5-5-2003 പ്രകാരം സർക്കാർ നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കിലോമീറ്ററിന് പത്തു രൂപയ്ക്കു താഴെ വരുമാനമുള്ള സർവ്വീസുകളെപ്പറ്റി നടത്തിയ പഠനത്തിൽ നിരവധി സ്റ്റേ സർവ്വീസുകൾ വളരെ കുറഞ്ഞ കളക്ഷനിലാണ് ഓപ്പറേറ്റു ചെയ്തു കൊണ്ടിരിക്കുന്നത് എന്ന് ബോദ്ധ്യപ്പെട്ടു. മേൽസൂചിപ്പിച്ച സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന് ബാദ്ധ്യതയായി ഓപ്പറേറ്റു ചെയ്യപ്പെട്ടിരുന്ന ഏതാനും സ്റ്റേ ട്രിപ്പുകൾ നിർത്തൽ ചെയ്യുകയുണ്ടായി.

നഗരങ്ങളിലും പട്ടണങ്ങളിലും സിറ്റി സർവ്വീസ്

62 [2714] ശ്രീ. എ. പി. അനിൽകുമാർ:
„ ടി. എച്ച് മുസ്തഫ:
ശ്രീമതി മേഴ്സി രവി:
ശ്രീ. എം. എ. ചന്ദ്രശേഖരൻ:
„ എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം നഗരങ്ങളിലും പട്ടണങ്ങളിലും കെ. എസ്. ആർ. ടി. സി. സിറ്റി സർവ്വീസോ ടൗൺ ടു ടൗൺ സർവ്വീസോ നടത്തി വരുന്നുണ്ട്;

(ബി) കൂടുതൽ നഗരങ്ങളിലേയ്ക്കും പട്ടണങ്ങളിലേയ്ക്കും ഇത്തരം സർവ്വീസുകൾ വ്യാപിപ്പിക്കാനുദ്ദേശ്യമുണ്ടോ;

(സി) ഏതെങ്കിലും നഗരത്തിലോ പട്ടണത്തിലോ നിലവിലുണ്ടായിരുന്ന ഇത്തരം സർവ്വീസുകൾ ഉപേക്ഷിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ കാരണമെന്തെന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തിരുവനന്തപുരം നഗരത്തിൽ മാത്രമേ കെ. എസ്. ആർ. ടി. സി. സിറ്റി ഇപ്പോൾ സർവ്വീസ് നടത്തുന്നുള്ളൂ. ഒരു നഗരത്തിലും പട്ടണത്തിലും ഇപ്പോൾ ടൗൺ ടു ടൗൺ സർവ്വീസ് നടത്തുന്നില്ല.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly